ക്ഷിക്കുന്ന പുതിയ എസ്റ്റിമേറ്റും പകരം ഉള്ള അലൈൻമെൻറ് പ്ലാനും അതിൻെറ നടപടികളും നടന്നുകൊണ്ടുവരികയാണ്. ആ നിർദ്ദേശം ചീഫ് എഞ്ചിനീയറുടെ പരിഗണനയിൽ ഇരിക്കുകയാണ്. ഫൈനലായി റീ അലൈൻ ചെയ്തിട്ടുള്ള ആ പ്രൊപ്പോസലിന് ഭരണാനുമതി കൊടുത്തു കഴിഞ്ഞാൽ പുതുതായി പൊന്നും വിലയ്ക്ക് എടുക്കാനുള്ള നടപടികളും ആരംഭിക്കേണ്ടിയിരിക്കുന്നു. അങ്ങനെ നടപടികളും ആരംഭിച്ചു കഴിഞ്ഞാൽ ഇതു നിർമ്മിക്കുന്നതിന് ആവശ്യമായ പണം പിന്നീട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് നീങ്ങേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് ഇത് ഗൗരവപൂർവ്വമായി പരിഗണിക്കുന്നുണ്ട്. ഗവൺമെൻറ് ഇതിനു വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നുണ്ട്.

(2) വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്കുവേണ്ടി സ്ഥലം കൊടുത്തവർക്കു വാഗ്ദാനം ചെയ്ത ജോലി

ശ്രീ. എം.കെ. കേശവൻ: സർ, വെള്ളൂരിൽ പ്രവർത്തിച്ചുവരുന്ന കടലാസ് നിർമ്മാണ ഫാക്ടറിക്ക് വേണ്ടി സ്ഥലം എടുത്തപ്പോൾ അന്നത്തെ കേന്ദ്രമന്ത്രി പറഞ്ഞത് സമീപവാസികളായിട്ടുള്ള ആളുകൾക്ക്, സ്ഥലം എടുത്തു പോകുന്ന ആളുകൾക്ക്, ആ ഫാക്ടറിയിൽത്തന്നെ അവരുടെ കഴിവിന് അനുസരിച്ച് അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചു ജോലി കൊടുക്കും എന്നാണ്. ഇപ്പോൾ ആ ഫാക്ടറി പ്രവർത്തനം ആരംഭിച്ചു. 1740 ജീവനക്കാരെ ഇപ്പോൾ അവിടെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ നിയമിച്ച ആളുകളിൽ ഈ സ്ഥലം കൊടുത്ത ആളുകൾ ഉണ്ടോ എന്നു ചോദിച്ചാൽ ഇവിടെ രണ്ടും മൂന്നും സെൻറു സ്ഥലം വീതം വാങ്ങി അതിൻെറ പേരിൽ ജോലി സമ്പാദിച്ച ആളുകളാണ് ഈ സ്ഥലത്തുള്ള ഭൂരിപക്ഷം ആളുകളും. യഥാർത്ഥത്തിൽ അർഹത ഉള്ളവർക്ക് ജോലി കിട്ടിയിട്ടില്ല. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനം ആയതുകൊണ്ട് 20 ശതമാനം സംവരണം കൊടുക്കണം എന്നു പറഞ്ഞിട്ടുണ്ട്. ഈ 1740 പേരിൽ വെറും 13 പേർ മാത്രമാണ് ഹരിജനങ്ങളായിട്ടുള്ളവർ. ഇതിൻെറയൊക്കെ ഫലമായിട്ട് ഈ ആനുകൂല്യം കിട്ടാത്ത ആളുകൾ ആ ഫാക്ടറിപ്പടിയ്ക്കൽ സമരം ആരംഭിച്ചിരിക്കുകയാണ്. ഇതിൽ ഗവൺമെൻറ് അടിയന്തിരമായി ഇടപെട്ട് ഇവർക്ക് നീതി കിട്ടാൻ നടപടി സ്വീകരിക്കണം.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് കേന്ദ്രഗവൺമെൻറിൻെറ ഉടമയിലുള്ള ഒരു പൊതുമേഖലാസ്ഥാപനമാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം അറിയിച്ചപ്പോൾത്തന്നെ അത് മാനേജുമെൻറിനെ അറിയിക്കുകയും മാനേജുമെൻറിൽനിന്നും കിട്ടിയ മറുപടിയനുസരിച്ച് 1379 പേരെ ഇതഃപര്യന്തം നിയമിച്ചതിൽ 258 പേർ തദ്ദേശ വാസികളാണെന്നാണ് കാണുന്നത്: ഇത് 19 ശതമാനത്തോളം വരും. സ്യൂട്ട ബിലിറ്റിയും യോഗ്യതയും കണക്കിലെടുത്തുകൊണ്ടാണ് ചെയ്തിട്ടുള്ളത്. ഇതിനുപുറമേ ആഗസ്റ്റ് മാസത്തിൽ രണ്ടുപേരെ ക്ലാർക്ക് ടൈപ്പിസ്റ്റായി നിയമിച്ചിരിക്കുകയാണ്. ഇനിയും പുതിയ നിയമനങ്ങൾ നടത്തുമ്പോൾ തദ്ദേശവാസികൾക്കുള്ള പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

പരിഗണന നൽകുന്നതാണ്. നിലവിലുള്ള തദ്ദേശവാസികളോടോ ഭൂമി കൊടുത്തവരോടോ വിവേചനം കാണിച്ചിട്ടില്ല എന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം.

(3) ഏറ്റുമാന്നൂർ—അതിരമ്പുഴ, നീണ്ടൂർ—ആർപ്പൂക്കര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഇ.ജെ. ലൂക്കോസ്: സർ, ഏറ്റുമാന്നൂർ, അതിരമ്പുഴ, നീണ്ടൂർ, ആർപ്പൂക്കര, കാണക്കാരി എന്നീ പഞ്ചായത്തുകളെ സംയോജിച്ചുള്ള കോമൺ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തന ഉദ്ഘാടനം 1983 മാർച്ച് മാസം 16-ാം തീയതി ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. അതിന്റെ സർവ്വേ ആരംഭിച്ചു. നീണ്ടൂർ തുടങ്ങിയുള്ള പഞ്ചായത്തുകളിൽ പൂർത്തിയാകാനുണ്ട്. അവിടെ ഉദ്യോഗസ്ഥൻമാരോട് മറ്റ് ആളുകളെ അപമര്യാദയായി പെരുമാറിയതിന്റെ ഫലമായി സർവ്വേ നിറുത്തിവച്ചു. ഇനി മീനച്ചിൽ ആറ്റിൽ പട്ടണമധ്യം പാലത്തിന്റെ സമീപത്തു നിന്ന് വെള്ളം പമ്പ് ചെയ്യാൻ സാധിക്കും. ആർപ്പൂക്കര പഞ്ചായത്തിനാണെങ്കിൽ കോട്ടയം മെഡിക്കൽകോളേജിലേയ്ക്ക് വെള്ളം നൽകണം. അതിരമ്പുഴ പഞ്ചായത്തിൽ പുതിയ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം വരുന്നതോടുകൂടി അവിടേയും കൂടുതൽ ജലവിതരണം വേണ്ടിവരും. അതിരമ്പുഴ പഞ്ചായത്തിൽ വരുന്ന തീർത്ഥാടകരുണ്ട്. ഏറ്റുമാന്നൂർ പ്രസിദ്ധമായ ക്ഷേത്രത്തിൽ എന്നും കല്ല്യാണവും മറ്റും നടക്കുന്നു. ഇങ്ങനെ എല്ലാ തരത്തിലും ഈ പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതി കഴിവതും വേഗം നടപ്പിലാക്കണം. അതിനുവേണ്ട നടപടികളും ത്വരിതപ്പെടുത്തണമെന്ന് മന്ത്രിയോടാവശ്യപ്പെടുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ): സർ, ഏറ്റുമാനൂർ, അതിരമ്പുഴ, നീണ്ടൂർ, ആർപ്പൂക്കര എന്നീ പഞ്ചായത്തുകൾക്ക് പൊതുവായിട്ടുള്ള ഒരു വാട്ടർ സപ്ലൈ സ്കീം ഗവൺമെന്റിന്റെ ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ പെടുത്തിക്കൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ സർവ്വേയെല്ലാം പൂർത്തിയായിക്കഴിഞ്ഞു. വിശദമായ എസ്റ്റിമേറ്റ്സും ഡിസൈനുമൊക്കെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് കഴിഞ്ഞാൽ ഉടൻതന്നെ കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കുന്നതും വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതുമാണ്.

(4) ആലത്തൂർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, ആലത്തൂർ താലൂക്കാശുപത്രിയുടെ ശോചനീയമായ സ്ഥിതിയാണ് എനിക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ആവശ്യമായ യാതൊരു മരുന്നുകളുമില്ല. അത്യാഹിതവിഭാഗത്തിൽപ്പോലും മരുന്നില്ലാതെ, മരുന്നു വാങ്ങിക്കുന്നതിനുവേണ്ടി ഇപ്പോൾ രോഗികൾക്ക് ചീറ്റുകൊടുക്കുകയാണ് ചെയ്യുന്നത്. അതുപോലെ വാർഡുകളുടെ സ്ഥിതി പറയാതിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly